11
2025
ഏപ്രിൽ
വെള്ളി
മീനം 28

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.120 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-120 പേജ് 4. വില 2.00 രൂപ




02 പച്ചക്കിളി മീൻ നോക്കുമ്പോൾ
03 കുടുംബശ്രീയുടെ വിഷുച്ചന്തകൾക്കൊപ്പം ജില്ലാതല ഭക്ഷ്യമേളയും
04 ത്രിതല പഞ്ചായത്തുകളിലും ഇനി കെ-സ്മാർട്ട് സേവനം

# വിഴിഞ്ഞം തുറമുഖത്ത് ഇതുവരെ 774 പേർക്ക് നിയമനം : മന്ത്രി



വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ ഇതുവരെ ആകെ 774 പേർക്ക് നിയമനം നടന്നതായും അതിൽ 69 ശതമാനവും കേരളത്തിൽ നിന്നുള്ളവരാണെന്നും തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. നിയമനം ലഭിച്ച കേരളത്തിലെ 534 പേരിൽ 453 പേർ (59 ശതമാനം) തിരുവനന്തപുരം ജില്ലയിൽ നിന്നുള്ളവരാണ്. ഇതിൽ വിഴിഞ്ഞം നിവാസികളായ 286 പേർക്കാണ് (37 ശതമാനം) തൊഴിലവസരം ലഭിച്ചിട്ടുള്ളത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർഥ്യമാകുമ്പോൾ പ്രാദേശികമായി അനവധി തൊഴിലവസരങ്ങൾ ലഭ്യമാക്കുമെന്ന സർക്കാർ പ്രഖ്യാപനം കൃത്യമായി നടപ്പിലായിരിക്കുകയാണ്. വിഴിഞ്ഞം സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിൽ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും പ്ലേസ്മെന്റ് പ്രഖ്യാപനവും വിഴിഞ്ഞം തുറമുഖ ഓഫീസിൽ നിർവഹിക്കുകയിരുന്നു മന്ത്രി.

നമ്മുടെ യുവജനതയ്ക്ക് പ്രത്യേകമായി തീരദേശ മേഖലയിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ സാധ്യതകൾ തുറന്നിടുന്ന വലിയ കേന്ദ്രമായി മാറുകയാണ് അസാപിന്റെ ആഭിമുഖ്യത്തിലുള്ള വിഴിഞ്ഞം സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ. സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിൽ പഠനവും പരിശീലനവും പൂർത്തിയാക്കിയവർക്ക് ഇന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ തൊഴിൽ ലഭിക്കുകയാണ്. തൊഴിൽ ലഭിച്ച ഗുണഭോക്താക്കളിൽ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളും ഉണ്ടെന്നുള്ളത് മാതൃകയാണെന്ന് മന്ത്രി പറഞ്ഞു.

2028 ൽ വിഴിഞ്ഞം പോർട്ട് പൂർണ്ണസജ്ജമാക്കുക എന്ന ലക്ഷ്യത്തിലാണ് സർക്കാർ. 2024 ജൂലൈയിൽ ആരംഭിച്ച ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കുകയും ഒരു ലക്ഷത്തിൽ പരം കണ്ടെയ്നറുകൾ ഈ വർഷം മാർച്ചിൽ തന്നെ എത്തിച്ചേരുകയും ചെയ്തു. റോഡ്, റെയിൽ കണക്റ്റിവിറ്റി പ്രാവർത്തികമാക്കി ചരക്ക് ഗതാഗതം സുഗമമാകുമ്പോൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കേരളത്തിന് മുൻപിൽ വലിയ വികസന സാധ്യതകൾ തുറന്നിടും. രാജ്യത്തിന്റെ ചരക്കുനീക്കത്തിന്റെ വലിയൊരു ഭാഗം കൈകാര്യം ചെയ്യാൻ വിഴിഞ്ഞത്തിന് സാധിക്കും. അതോടൊപ്പം നിരവധി തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാനാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വിഴിഞ്ഞം സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിൽ പരിശീലനം നേടിയ എട്ട് ഇന്റേണൽ ട്രാൻസ്ഫർ വെഹിക്കിൾ ഡ്രൈവർമാർക്കും ആറ് ലാഷർമാർക്കും സർട്ടിഫിക്കറ്റും പ്ലേസ്മെന്റ് ഓർഡറും മന്ത്രി നൽകി. വനിതാ കൂട്ടായ്മയായ വി സ്മാർട്ടിന് പോർട്ടിലെ മുഴുവൻ ശുചീകരണ ചുമതല നൽകികൊണ്ടുള്ള കരാറും മന്ത്രി കൈമാറി.

തുറമുഖ സ്പെഷ്യൽ സെക്രട്ടറി ഡോ. എ കൗഷിഗൻ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ ദിവ്യ എസ് അയ്യർ, വിഴിഞ്ഞം പോർട്ട് സിഇഒ പ്രദീപ് ജയരാമൻ തുടങ്ങിയവർ പങ്കെടുത്തു.

വിഴിഞ്ഞം കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വഴി ലാഷർ, ഐടിവി ഡ്രൈവർമാർ, ഹൗസ് കീപ്പിംഗ് എന്നീ മേഖലകളിലാണ് പരിശീലന കോഴ്സുകൾ നടത്തുന്നത്. പരിശീലനം പൂർത്തിയാക്കിയ മൂന്ന് ബാച്ച് ഐടിവി, രണ്ട് ബാച്ച് ലാഷർ കോഴ്സുകളിലെ മുഴുവൻ പേർക്കും വിഴിഞ്ഞം പോർട്ടിൽ ജോലി ലഭിച്ചിട്ടുണ്ട്.

## ഹോട്ടൽ സപ്രേസ ശോചിസു

വി. കെ ശ്രീരാമൻ



സുനിത, ചിത്ര, പ്രേമ, സജിത, പ്രസന്ന എന്നിങ്ങനെ അഞ്ചു വനിതാ രത്നങ്ങളാണ് വടകരക്കും വടക്ക് ചോമ്പാല മുക്കാളിയിൽ പ്രേമനും ചെങ്ങായിമാരും കൂടി നടത്തുന്ന സീഫുഡ് ഹോട്ടലിന്റെ മണവും ഗുണവും ഐശ്വര്യവും ബീഗാളികളോ ഫിലിപ്പീനികളോ യൂപ്പിക്കാരോ താഷ്ക്കണ്ടരോ ആരും തന്നെ ഇവിടെ പണിയെടുക്കുന്നില്ലെന്ന് പ്രേമരാജൻ പറഞ്ഞു. 'അതെന്തേ ഓലെ ഒയിവാക്കി. ഓലും മൻസമ്മാരല്ലേഡോ? ഞാൻ ചോയിച്ച് 'നമ്മടെ നാട്ടിൽ തന്നെ ധാരാളം മനുഷ്യർ, പ്രത്യേകിച്ചും സ്രീകൾ തൊഴിലില്ലാതെ വീട്ടീ കുത്തിരിക്കണ് അതു കഴിഞ്ഞിട്ടല്ലേ മറ്റോൽക്ക് തൊഴിൽ കൊടുക്ക്വാ?'

'ഓക്കെ ഓക്കെ. പക്ഷെ ഈ സീഫുഡ്എന്ന പേരൊന്നു മാറ്റണം.

ബോറാ അത് '

' ന്നിട്ട് എന്ത് പേരാ ഇടണ്ടത്? '

' ഹോട്ടർ സപ്രേസശോചിസു

സ 4 സജിത
പ്രേ 4 പ്രേമ
പ്ര 4 പ്രസന്ന
ശോ 4 ശോഭിത
ചി 4 ചിത്ര
സു 4 സുനിത

സപ്രേസകളുടെ ഉച്ചയൂണ് ഹാ പറയാൽ വാക്കുകളില്ല.

പൊന്നി അരിച്ചോറു വേണോ, ചീരനെല്ല് കൂന്താണിയിൽ കുത്തി വെളുപ്പിച്ച അരി വേണോ,

പാലക്കാടൻ മട്ട വേണോ

ഐക്കൂറ പൊരിച്ചത് വേണോ ആവോലി മോൾട്ടത് വേണോ?

തേങ്ങാച്ചമ്മന്തി അമ്മീമ്മരച്ചത് വേണോ?

ഇതൊക്കെ കേട്ടപ്പോൾ, വടകര ദേശമല്ലെ?

ഞാനൊരൊതേനക്കുറുപ്പായി മാറി രാമാ

പ്രമോദരാമാ

ഫോട്ടത്തിൽ നീലക്കുപ്പായോം കാൽസ്രായിം ഇട്ട് നിക്കണത് ബിന്തിക്കാക്കച്ചാൽ

ബിരിയാണീം വെക്കും

കുയിമന്തീം വെക്കും




## തീരദേശത്തെ പ്ലാസ്റ്റിക് നിർമാർജന യജ്ഞത്തിന്റെ ഉദ്ഘാടനം 11 ന്

മത്സ്യസമ്പത്തിന്റെ സംരക്ഷണവും തീരദേശവികസനവും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആരംഭിച്ച 'ശുചിത്വസാഗരം, സുന്ദര തീരം' പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഏപ്രിൽ 11 ന് (ഇന്ന്) സംസ്ഥാനത്തെ 590 കി. മീ. തീരപ്രദേശത്ത് ഏകദിന ജനകീയ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിക്കും. രാവിലെ 8 മുതൽ 11 വരെ സംഘടിപ്പിക്കുന്ന പ്ലാസ്റ്റിക് നിർമാർജന യജ്ഞത്തിൽ 12,000 സന്നദ്ധപ്രവർത്തകരും പൊതുജനങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കും.പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഏപ്രിൽ 11 ന് രാവിലെ 8 ന് ശംഖുമുഖം ബീച്ചിൽ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് നിർവഹിക്കും. തീരദേശത്ത് 47 നിയോജക മണ്ഡലങ്ങളിലും ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പ്ലാസ്റ്റിക് നിർമാർജന യജ്ഞത്തിനായി തീരപ്രദേശത്തെ ജനസാന്ദ്രത കൂടിയ 482 ആക്ഷൻ കേന്ദ്രങ്ങൾ കണ്ടെത്തി മാപ്പ് ചെയ്തിട്ടുണ്ട്. ഓരോ ആക്ഷൻ കേന്ദ്രങ്ങളിലും 25 സന്നദ്ധപ്രവർത്തരെ വീതം കണ്ടെത്തി പരിശീലനം നൽകി വരികയാണ്. തീരദേശത്ത് നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം തദ്ദേശ വകുപ്പ്, ശുചിത്വമിഷൻ എന്നിവക്ക് കൈമാറി പുനരുപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

'ശുചിത്വ സാഗരം, സുന്ദര തീരം' പദ്ധതിയുടെ ഭാഗമായി 590 കി. മീ. തീരദേശത്ത് 1200 ഓളം ബോട്ടിൽ ബൂത്തുകളും സ്ഥാപിക്കും. 100 ബോട്ടിൽ ബൂത്തുകൾ തീരദേശത്തെ ഒമ്പത് ജില്ലകളിൽ ജനസാന്ദ്രത കൂടിയ തീരപ്രദേശങ്ങളിൽ (ബീച്ചുകൾ, ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ) സ്ഥാപിക്കും.പരിപാടിയുടെ ഭാഗമായി ഏറ്റവും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന തീരദേശ ജില്ലയ്ക്കും ഓരോ ജില്ലയിലും ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മുഖ്യമന്ത്രിയുടെ എവറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും നൽകും. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള 'ശുചിത്വ സാഗരം, സുന്ദരതീരം' പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ബോധവത്കരണ പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയത്. 2022 ജൂൺ 8 ന് സംസ്ഥാനതല ഉദ്ഘാടനത്തോടുകൂടിയാണ് ഒന്നാംഘട്ടമായ ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ചത്. രണ്ടാംഘട്ടമാണ് ഏപ്രിൽ 11 ന് നടക്കുന്നത്.

പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല, ജില്ലാതല, തദ്ദേശസ്വയംഭരണ സ്ഥാപനതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, സാഫ്, വിനോദസഞ്ചാര വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഹാർബർ എൻജിനീയറിംഗ് വകുപ്പ്, മത്സ്യഫെഡ്, യൂത്ത് മിഷൻ, ഹരിതകേരള മിഷൻ, ഹരിതകർമ്മ സേന, നെഹ്റു യുവകേന്ദ്ര, കുടുംബശ്രീ, എൻസിസി, എൻ എസ് എസ്, കെഎസ് സി എ ഡി സി, യുവജനക്ഷേമ ബോർഡ്, മത്സ്യ ബോർഡ്, കുഫോസ്, എംപിഇഡിഎ-നെറ്റ്ഫിഷ്, മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ട് ഉടമ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമുദായിക, സാംസ്കാരിക സംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ഫിഷറീസ് വകുപ്പ് പദ്ധതി നടപ്പിലാക്കുന്നത്. ക്യാമ്പയിന്റെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും പ്രാദേശിക അടിസ്ഥാനത്തിൽ വ്യാപകമായ പ്രചരണവും ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു വരുകയാണ്.പദ്ധതിയുടെ മൂന്നാം ഘട്ടം എന്ന നിലയിൽ ഹാർബറുകൾ കേന്ദ്രീകരിച്ചു കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവും തുടർ കാമ്പയിനും സംഘടിപ്പിക്കും. നീണ്ടകര കേന്ദ്രീകരിച്ചു മത്സ്യബന്ധന ബോട്ടുകൾ കൊണ്ടുവരുന്ന പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് പുനരുപയോഗിക്കുന്ന സംവിധാനം വിജയകരമായി ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സംവിധാനം സംസ്ഥാനത്തെ 27 ഹാർബറുകളിലേക്കും മൂന്നാം ഘട്ടത്തിൽ വ്യാപിപ്പിക്കും. സംസ്ഥാനത്തെ കടലിനെയും കടൽതീരത്തെയും പൂർണമായും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണിത്.

## കടലാക്രമണ സാധ്യത: ജാഗ്രത പാലിക്കാൻ നിർദേശം

കന്യാകുമാരി തീരത്ത് ഏപ്രിൽ 11 രാത്രി 11.30 വരെ ഉയർന്ന തിരമാലകൾ (1.2 മുതൽ 1.3 മീറ്റർ വരെ) മൂലം കടലാക്രമണ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (INCOIS) മുന്നറിയിപ്പ് നൽകി. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശിച്ചു. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശപ്രകാരം മാറി താമസിക്കേണ്ടതാണ്. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് പൂർണമായും ഒഴിവാക്കണം. മത്സ്യബന്ധന യാനങ്ങൾ കടലിലേക്ക് ഇറക്കുന്നതും കരക്കടുപ്പിക്കുന്നതും അപകടകരമായതിനാൽ തിരമാല ശക്തിപ്പെടുന്ന സമയത്ത് ഇവ ഒഴിവാക്കേണ്ടതാണ്.

# സർക്കാരിൻറേത് തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള നയം: മന്ത്രി രാജീവ് പ്ലാൻറേഷൻ ഡയറക്ടറേറ്റ് ഓഫീസ് മന്ത്രി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: സംസ്ഥാനത്തെ തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഐഐഎം കാലിക്കറ്റിൻറെ പഠനശുപാർശകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ കരട് നയം സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയിലാണെന്ന് വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. വ്യവസായ വകുപ്പിൻറെ കീഴിലുള്ള പ്ലാൻറേഷൻ ഡയറക്ടറേറ്റിൻറെ ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തിൻറെ സമ്പദ് വ്യവസ്ഥയിൽ തോട്ടം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് രാജ്യത്ത് ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിച്ച ആദ്യ സംസ്ഥാനം കേരളമാണ്. കേരളത്തിലെ തോട്ടം മേഖലയുടെ സമുന്നത പുരോഗതിയ്ക്കായി തൊഴിലാളി യൂണിയനുകളും ഉദ്യോഗസ്ഥരും ഒരുമിച്ച് പ്രവർത്തിക്കണം. പ്ലാൻറേഷൻ ഡയറക്ടറേറ്റിൻറെ നേതൃത്വത്തിൽ തോട്ടം മേഖലയുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കണം.

തോട്ടം മേഖലയിൽ ഉത്പാദനക്ഷമതയും ലാഭവും വർധിപ്പിക്കുന്നതിന് പ്ലാൻറേഷൻ ഡയറക്ടറേറ്റ് നടപ്പാക്കിയ പുതിയ പദ്ധതികൾ സഹായകമായി. 'കേര പദ്ധതി 'പ്രകാരം, കാപ്പി, ഏലം, റബ്ബർ എന്നീ മേഖലയ്ക്കായി 479 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ അടിസ്ഥാന പ്രശ്നങ്ങളിലൊന്നായ ലയങ്ങളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായുള്ള പ്ലാൻറേഷൻ ഡയറക്ടറേറ്റിൻറെ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയിലേക്ക് ഏകദേശം 72 ഡിപിആറുകൾ (വിശദമായ പ്രോജക്ട് റിപ്പോർട്ട്) സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിനായി പ്രത്യേക യോഗം വിളിക്കുമെന്നും അദ്ദേഹം അറിയിച്ചു. ചടങ്ങിനോടനുബന്ധിച്ച് മന്ത്രിയുടെ സാന്നിധ്യത്തിൽ ആദ്യത്തെ സംസ്ഥാന പ്ലാൻറേഷൻ ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗം നടന്നു.

സംസ്ഥാനത്തെ യുവജനങ്ങൾക്ക് സ്വയംസംരംഭകരായി ഉയർന്നു വരാനുള്ള സാഹചര്യവും വ്യവസായ സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കാൻ വ്യവസായ വകുപ്പിന് സാധിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വി. കെ പ്രശാന്ത് എംഎൽഎ പറഞ്ഞു. തോട്ടം മേഖലയിലെ നയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സ്ഥിരം സംവിധാനമായ സംസ്ഥാന പ്ലാൻറേഷൻ ബിസിനസ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) എംഡി എസ്. ഹരികിഷോർ ഐഎഎസ് പ്രത്യേക പ്രഭാഷണത്തിൽ പറഞ്ഞു. തോട്ടം ഉടമകളെ ഉൾപ്പെടുത്തി ജില്ലാതല പ്ലാൻറേഷൻ അഡ്വൈസറി കമ്മിറ്റികൾ വിളിച്ചു ചേർക്കും. സർക്കാരും തോട്ടം ഉടമകളും ചേർന്നു പ്രവർത്തിക്കാൻ സഹായകമായ ഒരു പിപിപി മാതൃക തോട്ടം മേഖലയിൽ ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പ്ലാൻറേഷൻ ഡയറക്ടറേറ്റിൻറെ നിർമ്മാണത്തിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നെന്ന് വ്യവസായ ഡയറക്ടറും പ്ലാൻറേഷൻസ് സ്പെഷ്യൽ ഓഫീസറുമായ മിർ മുഹമ്മദ് അലി ഐഎഎസ് സ്വാഗതപ്രസംഗത്തിൽ പറഞ്ഞു. കോഴിക്കോട് ഐഐഎമ്മിൻറെ ശുപാർശകൾ സർക്കാർ അംഗീകരിച്ചാൽ തോട്ടം മേഖലയിൽ മികച്ച പരിഷ്കാരങ്ങൾ നടപ്പിലാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

കാലാകാലങ്ങളായി പ്രതിസന്ധി നേരിടുന്ന തോട്ടം മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പുത്തൻ ഉണർവ് നല്കുന്നതിനുമുള്ള വിപ്ലവകരമായ ചുവടുവയ്പ്പാണ് പ്ലാൻറേഷൻ ഡയറക്ടറേററിലൂടെ സാധ്യമായിരിക്കുന്നതെന്ന് അസോസിയേഷൻ ഓഫ് പ്ലാൻറേഷൻസ് കേരള ചെയർമാൻ പ്രിൻസ് തോമസ് ജോർജ് പറഞ്ഞു.പീരുമേട് എംഎൽഎ വാഴൂർ സോമൻ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ഡോ. കെ എസ്. കൃപകുമാർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, യുണൈറ്റഡ് പ്ലാൻറേഴ്സ് അസോസിയേഷൻ ഓഫ് സതേൺ ഇന്ത്യ ചെയർമാൻ കെ. മാത്യു എബ്രഹാം എന്നിവരും സംസാരിച്ചു.



*വ്യവസായ വാണിജ്യ വകുപ്പിൻറെ പ്ലാൻറേഷൻ ഡയറക്ടറേറ്റ് ഓഫീസ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. എംഎൽഎമാരായ വി. കെ പ്രശാന്ത്, വാഴൂർ സോമൻ, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ ഐഎഎസ്, വ്യവസായ ഡയറക്ടറും പ്ലാൻറേഷൻസ് സ്പെഷ്യൽ ഓഫീസറുമായ മിർ മുഹമ്മദ് അലി ഐഎഎസ്, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് എന്നിവർ സമീപം.*

# ചേർത്തലയിലെ വീട്ടമ്മയുടെ മരണം കൊലപാതകം; ഭർത്താവ് അറസ്റ്റിൽ

ആലപ്പുഴ: ചേർത്തല കടക്കരപ്പള്ളിയിലെ വീട്ടമ്മയുടെ മരണം കൊലപാതകം. കടക്കരപ്പള്ളി സ്വദേശി സുമി ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഇവരുടെ ഭർത്താവ് ഹരിദാസിനെ പോലീസ് അറസ്റ്റ് ചെയ്തു. ബുധനാഴ്ച പുലർച്ചെ അയൽവീട്ടിലെത്തി സുമിക്ക് അനക്കമില്ലെന്നും മരിച്ചെന്നും ഇയാൾ അറിയിക്കുകയായിരുന്നു. മൂക്കിൽനിന്ന് രക്തം വാർന്ന് സോഫയിൽ ചാരിയിരിക്കുന്ന നിലയിലായിരുന്നു മൃതദേഹം. ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് അയൽവാസികൾ പറഞ്ഞെങ്കിലും ഇയാൾ കൂട്ടാക്കിയില്ല. രാവിലെ മൃതദേഹം സംസ്കരിക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങിയപ്പോൾ അയൽവാസികൾ പോലീസിൽ വിവരം അറിയിച്ചു. ഇതോടെ പോലീസ് എത്തി മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി കൊണ്ടുപോയി.

ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ നടന്ന പോസ്റ്റ്മോർട്ടത്തിൽ സുമിയുടെ കഴുത്തിലെ ചില പാടുകൾ ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുകയായിരുന്നു. സുമിയുടെ മരണം കൊലപാതകമാണോയെന്ന് ഡോക്ടർ സംശയം പ്രകടിപ്പിച്ചതിനു പിന്നാലെ പട്ടണക്കാട് പോലീസ് ഹരിദാസിനെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു. ഒടുവിൽ, ഇരുവരും തമ്മിലുള്ള വഴക്കിനിടെ സുമിയെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയെന്ന് ഇയാൾ പിന്നീട് പോലീസിനോട് സമ്മതിച്ചു. പ്രതി ഹരിദാസ് എയർ ഫോഴ്സിൽനിന്ന് വിരമിച്ചയാളാണ്. ഇയാളുടെ രണ്ടാം ഭാര്യയാണ് സുമി. ആദ്യഭാര്യയുടെ മരണശേഷമാണ് സുമിയെ വിവാഹം കഴിച്ചത്.

# ക്വട്ടേഷൻ ക്ഷണിച്ചു

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലേക്ക് 2025 മെയ് 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും എത്തിച്ചുതരുന്നതിന് മുദ്രവച്ച ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 22 വൈകിട്ട് 3 മണി. അന്നേ ദിവസം വൈകിട്ട് 3.30 മണിക്ക് ക്വട്ടേഷൻ നൽകിയവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കും.

പ്രസ്തുത ദിവസം ഏതെങ്കിലും കാരണങ്ങളാൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മുകളിലെ നിബന്ധനകൾക്ക് വിധേയമായി വൈകിട്ട് 3.30 മണിക്ക് ക്വട്ടേഷൻ തുറക്കുന്നതായിരിക്കും. മറ്റ് വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുമായി നേരിട്ട് ബന്ധപ്പെടാം.

# കോവിഡ് കാലവുമായി താരതമ്യം ചെയ്യരുത്, വയനാട് ദുരിതബാധിതരുടെ വായ്പ എഴുതിത്തള്ളണം: ആവർത്തിച്ച് ഹൈക്കോടതി

കൊച്ചി: വയനാട് ദുരിതബാധിതരുടെ വായ്പ എഴുതിത്തള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് ആവർത്തിച്ച് ഹൈക്കോടതി. ദുരന്തബാധിതരുടെ ജീവനോപാധിയാണ് ഇല്ലാതായത്, ഇത് കണ്ടില്ലെന്ന് നടക്കാനാവില്ലെന്ന് കോടതി പറഞ്ഞു.

ദുരിതബാധിതരുടെ വായ്പയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇപ്പോൾ മൊറട്ടോറിയമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കടം എഴുതിത്തള്ളണമെങ്കിൽ കേന്ദ്രസർക്കാർ നിലപാടെടുക്കണം. വായ്പ എഴുതിത്തള്ളുന്ന കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കാനാകുമെന്ന് കോടതി കേന്ദ്രത്തോട് ആരാഞ്ഞു.

അതേസമയം, വായ്പകൾ എഴുതിത്തള്ളാൻ ബാങ്കുകളെ നിർബന്ധിക്കാനാകില്ലെന്നും അത് അവർ കൈക്കൊള്ളേണ്ട നയപരമായ തീരുമാനമാണെന്നുമായിരുന്നു കേന്ദ്രസർക്കാർ നൽകിയ മറുപടി. കോവിഡ് കാലത്ത് എംഎസ്എംഇകൾ വായ്പ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിച്ചപ്പോൾ, അത് നിരാകരിച്ച കാര്യം കേന്ദ്രസർക്കാർ ചൂണ്ടിക്കാണിക്കുകയും ചെയ്തു.

എന്നാൽ, കോവിഡിൽ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് താത്കാലികമായിരുന്നുവെന്നും എന്നാൽ വയനാട് ദുരന്തത്തിൽപ്പെട്ടവർക്ക് സംഭവിച്ചത് അങ്ങനെയല്ലെന്നും കോടതി ചൂണ്ടിക്കാട്ടി. വയനാട് ദുരിതബാധിതരുടെ ജീവനോപാധി തന്നെയാണ് ഇല്ലാതായത്. അത് കണ്ടില്ലെന്ന് നടിക്കാനാവില്ലെന്നും കോടതി പറഞ്ഞു.

ഇതിനു പിന്നാലെ, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വായ്പ എഴുതിത്തള്ളുന്നത് പരിഗണിക്കാമെന്നു കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചു.

വയനാട് ദുരിതബാധിതരുടെ പ്രശ്നങ്ങൾ ഹൈക്കോടതിയുടെ പ്രത്യേക ബെഞ്ചാണ് പരിഗണിക്കുന്നത്. ഹർജി ഇനി വേനലവധിക്ക് ശേഷം പരിഗണിക്കും.

# പരീക്ഷാ തീയതി പ്രസിദ്ധീകരിച്ചു

2025–26 അധ്യയന വർഷത്തെ എൻജിനീയറിങ്, ഫാർമസി കോഴ്സിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ തീയതിയും സമയവും പ്രസിദ്ധീകരിച്ചു. ഏപ്രിൽ 23 നും, 25 മുതൽ 28 നും ഉച്ചയ്ക്ക് 2 മുതൽ 5 വരെ എൻജിനീയറിങ് പരീക്ഷയും, 24 ന് 11.30 മുതൽ 1 വരെയും 3.30 മുതൽ 5 വരെയും, 29 ന് 3.30 മുതൽ 5 വരെയും ഫാർമസി പരീക്ഷയും നടക്കും. വിശദവിവരങ്ങൾക്ക് : www.cee.kerala.gov.in, ഹെൽപ് ലൈൻ : 0471 2525300.

# ഇന്റേൺഷിപ്പ് പ്രോഗ്രാം

കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാമിനായി അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാലകളിലും സ്ഥാപനങ്ങളിലും പഠിക്കുന്ന ബി.ടെക്/ എം.ടെക് വിദ്യാർഥികൾക്ക് സോഫ്റ്റ്‌വെയർ/ സിവിൽ എൻജിനിയറിങ് കൺസൾട്ടൻസി വിഭാഗത്തിലേക്കാണ് ഒരു മാസത്തെ ഇന്റേൺഷിപ്പ് പ്രോഗ്രാമിനായി അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: www.lbscentre.kerla.gov.in, 04712560333.

# പച്ചക്കിളി മീൻ നോക്കുമ്പോൾ

**യേശുദാസ് വില്യം**

നീണ്ടകര ഹാർബർ നിരാസ ജീവിതങ്ങളുടെ പച്ചത്തുരുത്താണന്നു പറയാം. കാണുന്നവർ, അടുത്തറിയുന്നവർ, സ്നേഹിതർ, അപരിചിതത്വത്തിന്റെ പെരുകുന്ന മുഖങ്ങൾ. പക്ഷേ ആരും ആരെയും അറിയുന്നില്ല. ഒരു പരക്കം പാച്ചിലാണ്. വലയിൽ വീണു ചത്തൊടുങ്ങിയ മീനുകളെപ്രതിയുള്ള ഓട്ടമാണ്. ഓരോ മീനിനു പിന്നാലെയും ആളുകളുണ്ട്. തരാതരം പോലെ.. കടലിലെ അനന്തതയിൽ നീന്തിത്തുടിച്ച മീനുകൾ കരയിലേക്കിറങ്ങുന്നതു പ്രത്യേകപരിഗണനിലാണ്. മനുഷ്യൻ ഇരു കൈകളിലും താങ്ങിയെടുത്തു സൂക്ഷ്മതയോടെ കൊണ്ടുവരുന്ന മൽസ്യങ്ങൾ, കുട്ടകളിൽ ചുമന്നിറക്കുന്നത്, വണ്ടികളിൽ നിറച്ചു വലിച്ചു കൊണ്ടുപോകുന്നത്. ഇവിടെ നിൽക്കുന്നവർക്കൊല്ലാം വന്നിറങ്ങുന്ന മൽസ്യങ്ങൾ മാത്രമാണ് ലക്ഷ്യം.







ബോട്ടു ജെട്ടിയോടു ചേർന്നു തിക്കിലും തിരക്കിലും മൂന്നു സ്ത്രീകൾ. ഇവരും മീനുകളെ ലാക്കാക്കി തന്നെയാണ് പുലർച്ചെ മുതൽ കടവിനോടു ചേർന്നു നിലയുറപ്പിച്ചിരിക്കുന്നത്. ഇവരുടെ അടുത്തേക്കു മീനുകൾ വരും. മുറിവേറ്റതും, പഴകിയതും, ചിലപ്പോൾ നല്ലതും എല്ലാം ചേർന്ന മീനുകൾ. ബോട്ടുകളിൽ നിന്നും, വള്ളങ്ങളിൽ നിന്നും ചെറുപണികൾ ചെയ്യുമ്പോൾ അവർ ദാനമായി കൊടുക്കുന്നതും, ചിലപ്പോൾ നിറച്ച കുട്ടകളിൽ നിന്നും വഴുതി വീഴുന്നത് പെറുക്കിയെടുക്കുന്നത്, ഭിക്ഷയായി ബോട്ടുകാർ കൊടുക്കുന്നത്. ഇങ്ങെനെ വരുന്ന മീനുകൾ കൈക്കലാക്കി കൊണ്ടുവരുന്നവരിൽ നിന്നും ഇവർ കൈയ്യോടെ വിലപറഞ്ഞു വാങ്ങും. അവരതു നൽകുകയും ചെയ്യും. എന്നിട്ട് അവർക്കായുള്ള അടുത്തമൽസ്യത്തെ നോക്കി പിന്നെയും യാനങ്ങളുടെ മുന്നിലൂടെ അലയും. മൂന്നു സ്ത്രീകളും അവർ വാങ്ങിയ മീനുകൾ ചെറിയ ലാഭത്തിനു ആവിശ്യക്കാർക്കു നൽകുന്നു. വിവിധയിനം മീനുകൾ ചെറിയ തുകയ്ക്കു കിട്ടിയ സന്തോഷത്തിൽ ആവിശ്യക്കരും പിൻവാങ്ങുന്നു. കാക്കയും, പരുന്തും, കൊക്കുമെല്ലാം മീനുകളെ ലക്ഷ്യം വെക്കുന്ന ഹാർബറിൽ മീൻ പെറുക്കികളുടെ മീനുകൾ വാങ്ങി സാധാരണക്കാരെ മീനുട്ടുന്ന ഈ സ്ത്രീകൾ ആരാണ്. പച്ചക്കിളി എന്ന ഓമനപ്പേരുള്ള സ്റ്റെല്ല, അൽഫോൺസാ എന്ന ഒണക്കൽ, പിന്നെ ഇവരുടെ അനുജത്തി മേരി അവരാണീ മൂന്നു പേർ. ഇവർ തെക്കു നിന്നു വന്നവരാണ്. കന്യാകുമാരിക്കടുത്തു നിന്നാവണം. ഇന്നിവരെ തെക്കത്തി പെണ്ണാളെ.. എന്നു സ്നേഹത്തോടു പോലും ആരു വിളിക്കാനില്ല. ഇന്നവരുടെ നാടും വീടുമെല്ലാം വടക്കേകരയെന്ന് അവർ പറയുന്ന നീണ്ടകരയാണ്.

ഇവർക്കൊരു പൂർവ്വ കഥയുണ്ട് ബാല്യവും, കൗമാരവും, യവ്വൗനവും നിറഞ്ഞ പ്രായത്തിൽ തെക്കേകരയിൽ വന്ന കാലം. അതൊരു കാലം. ഒരു പ്രായം. പ്രയവും ജീവിതപ്രയാസവും പേക്കോലങ്ങളെപ്പോലെ ആക്കിയെങ്കിലും അവരുടെ ശബ്ദത്തിലും, ചിരിയലും, നോട്ടത്തിലും സ്നേഹത്തിന്റെ ഉറവ വറ്റിയിട്ടില്ല.

# നഴ്സിംഗ് കോളജിലെ റാഗിംഗ്; പ്രതികളായ വിദ്യാർഥികൾക്ക് ജാമ്യം

കോട്ടയം: സർക്കാർ നഴ്സിംഗ് കോളജിലെ റാഗിംഗ് കേസ് പ്രതികൾക്ക് ജാമ്യം. വിദ്യാർഥികളായ സാമൂവൽ ജോൺസൺ, എസ്. എൻ. ജീവ, റിജിൽ ജിത്ത്, കെ. പി. രാഹുൽ രാജ്, എൻ. വി. വിവേക് എന്നിവർക്കാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്.

കോട്ടയം ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. പ്രതികളുടെ പ്രായവും മുമ്പ് കുറ്റകൃത്യത്തിൽ ഉൾപ്പെട്ടില്ലെന്നതും കണക്കിലെടുത്താണ് ജാമ്യം. കേസിൽ അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചിരുന്നു.

ജൂനിയർ വിദ്യാർഥികളായ ആറ് പേരെ അഞ്ച് പ്രതികൾ ചേർന്ന് തുടർച്ചയായി ഉപദ്രവിച്ചു. നവംബർ മുതൽ നാല് മാസമാണ് ജൂനിയർ വിദ്യാർഥിളെ പ്രതികൾ തുടർച്ചയായി ആക്രമിച്ചത്. ഇരകളായവർ വേദനകൊണ്ട് പുളഞ്ഞപ്പോൾ പ്രതികൾ അത് കണ്ട് ആനന്ദിച്ചു. ആക്രമണത്തിന്റെ ദൃശ്യങ്ങൾ ഫോണിൽ പകർത്തിയും പ്രതികൾ ആഘോഷിച്ചുവെന്ന് കുറ്റപത്രത്തിൽ പറയുന്നു.

റാഗിംഗിനെ കുറിച്ച് പുറത്ത് പറയാതിരിക്കാൻ ഇരകളെ ഭീഷണിപ്പെടുത്തിയെന്നും കുറ്റപത്രത്തിൽ അന്വേഷണ സംഘം പറയുന്നു. ആതുര സേവനത്തിന് മാതൃകയാകേണ്ടവർ ചെയ്തത് കൊടിയ പീഡനമാണ്. പ്രതികളായ വിദ്യാർഥികളുടെ കൈവശം മാരക ആയുധങ്ങൾ ഉണ്ടായിരുന്നുവെന്നും പ്രതികൾ സ്ഥിരം ലഹരി ഉപയോഗിക്കുന്നവരാണെന്നും കുറ്റപത്രത്തിൽ ചൂണ്ടിക്കാണിക്കുന്നു.

ലഹരി ഉപയോഗത്തിന് പ്രതികൾ പണം കണ്ടെത്തിയത് ഇരകളായ വിദ്യാർഥികളിൽ നിന്നാണ്. ഒരു വിദ്യാർഥിയെ ക്രൂരമായി ഉപദ്രവിക്കുന്ന ദൃശ്യങ്ങളാണ് കേസിൽ നിർണായക തെളിവ്. പ്രതികൾ തന്നെ പകർത്തിയ ദൃശ്യങ്ങളുടെ ശാസ്ത്രീയ പരിശോധന നടത്തിയെന്നും പോലീസ് കുറ്റപത്രത്തിൽ പറയുന്നു.



പേരൂർക്കട എസ്എപി പരേഡ് ഗ്രൗണ്ടിൽ നടന്ന സിപിഒമാരുടെ പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കുന്നു.

# അരികുവൽക്കരിക്കപ്പെട്ടവരെ ചേർത്തുപിടിക്കുന്ന സർക്കാരാണിതെന്ന് ഡോ.ആർ. ബിന്ദു

## മാതൃകയായി അസാപ് സൂപ്പർ 100

അരികുവൽക്കരിക്കപ്പെട്ടവരെ ചേർത്തുപിടിക്കുന്ന സർക്കാരാണിതെന്ന് ഡോ.ആർ. ബിന്ദു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്ന പ്രശ്നത്തെ മറികടക്കാൻ, യുവാക്കൾക്കിടയിലെ സ്കിൽ ഗ്യാപ് പരിഹരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരുന്നു. അസാപ് കേരള പോലുള്ള സംവിധാനങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പാക്കും. പ്രയോഗത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ഉറപ്പാക്കി അവരുടെ കാര്യപ്രാപ്തി വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം നൽകുന്നു, ആദിവാസി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിലുള്ള അവസരങ്ങളെ കുറിച്ചുള്ള അവബോധം നൽകാനും, ഉന്നത വിദ്യാഭ്യാസ രംഗത്ത് മികവോടെ മുന്നേറാനും ഉള്ള പിന്തുണ സർക്കാർ നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഇതിനായി വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന കോഴിക്കോട് സർവ്വകലാശാലയ്ക്ക് കീഴിലുള്ള ട്രൈബൽ സ്റ്റഡി സെന്ററിനെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുമെന്നും മന്ത്രി പറഞ്ഞു. പാലക്കാട് ജില്ലാ ഭരണകൂടവും, അസാപ് കേരളയും റബ്ഫില ഇന്റർനാഷണലിന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് സംഘടിപ്പിച്ച സൂപ്പർ 100 പരിപാടിയുടെ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

അസാപ് കേരളയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ചതാണ് സൂപ്പർ 100 പ്രോജക്ട്. പട്ടികജാതി വിഭാഗത്തിൽ നിന്നുമുള്ള 108 പെൺകുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കുട്ടികൾക്ക് ശാസ്ത്രത്തോട് അഭിമുഖ്യം തോന്നിപ്പിക്കുക നിലവിലുള്ള തൊഴിൽ അവസരങ്ങൾ എത്രത്തോളം ഉണ്ട് എന്നുള്ളത് മനസ്സിലാക്കി കൊടുക്കുക, ഉപരിപഠനം എത്രത്തോളം പ്രധാനപ്പെട്ടതാണ് എന്ന് അവർക്ക് മനസ്സിലാക്കി കൊടുക്കുക പുതിയ കാഴ്ചകളും അനുഭവങ്ങളും നൽകി അവരുടെ ചിന്തകളുടെ അതിർ വരമ്പുകൾ വലുതാക്കുക തുടങ്ങിയവ ആയിരുന്നു 2024 അഗസ്റ്റ് മാസം ആരംഭിച്ച പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. വിവിധതരം നൈപുണ്യ പരിശീലന പരിപാടികൾ കഴിഞ്ഞ ഒരു വർഷത്തിൽ നടപ്പിലാക്കുകയുണ്ടായി. ആപ്റ്റിട്യൂട് ടെസ്റ്റ്, 100 മണിക്കൂറിന്റെ സോഫ്റ്റ് സ്കിൽ ട്രെയിനിങ്, 5 ഏകദിന പരിശീലന ക്യാമ്പുകൾ, 3 റെസിഡൻഷ്യൽ ക്യാമ്പുകൾ, 3 എക്സ്പോഷർ വിസിറ്റുകൾ, സൈക്കോ സോഷ്യൽ കൗൺസിലിംങ്, സിനിമ സ്ക്രീനിങ്ങുകൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി നൽകിയതായി മന്ത്രി പറഞ്ഞു.

എ. പ്രഭാകരൻ എംഎൽ എ അദ്ധ്യക്ഷനായ ചടങ്ങിൽ ജില്ലാ കളക്ടർ പ്രിയങ്ക ജി, അസാപ് കേരള ഹെഡ് വിജിൽ കുമാർ വി വി, അഗളി ഹെഡ്മിസ്ട്രസ് ഷമിമോൾ ആർ, പഞ്ചായത്ത് അംഗം പദ്മിനി ടീച്ചർ തുടങ്ങിയവർ പങ്കെടുത്തു.





*മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള ഡോ. പി.സി നായർ ഫൗണ്ടേഷൻറെ 2025 ലെ വരദേവി പുരസ്കാരം പ്രൊഫ. ജി.എൻ പണിക്കർക്ക് കെ. ജയകുമാർ സമ്മാനിക്കുന്നു. പ്രൊഫ. നന്ത്യത്ത് ഗോപാലകൃഷ്ണൻ, പി. ബാലചന്ദ്രൻ നായർ എന്നിവർ സമീപം.*

# ഡോ. പി.സി നായർ ഫൗണ്ടേഷൻറെ വരദേവി പുരസ്കാരം പ്രൊഫ. ജി.എൻ പണിക്കർക്ക് സമ്മാനിച്ചു

## തിരുവനന്തപുരത്തെ എഴുത്തുകാരെ അംഗീകരിക്കാൻ സാംസ്കാരിക കേരളത്തിന് മടി: കെ. ജയകുമാർ

തിരുവനന്തപുരം: മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള ഡോ. പി.സി നായർ ഫൗണ്ടേഷൻറെ 2025 ലെ വരദേവി പുരസ്കാരം പ്രമുഖ നോവലിസ്റ്റും ചെറുകഥാകൃത്തുമായ പ്രൊഫ. ജി.എൻ പണിക്കർക്ക് സമ്മാനിച്ചു. തിരുവനന്തപുരം പ്രസ്ക്ലബ്ബിൽ നടന്ന സാംസ്കാരിക സമ്മേളനത്തിൽ കവിയും ഗാനരചയിതാവുമായ കെ. ജയകുമാറാണ് പുരസ്കാരം സമ്മാനിച്ചത്. 25,000 രൂപയും പ്രശസ്തി പത്രവും ശിൽപ്പവും അടങ്ങുന്നതാണ് പുരസ്കാരം.

തിരുവനന്തപുരത്തെ എഴുത്തുകാരെ അംഗീകരിക്കാൻ പൊതുവേ സാംസ്കാരിക കേരളത്തിന് മടിയാണെന്ന് കെ.ജയകുമാർ. അംഗീകരിക്കപ്പെടണമെങ്കിൽ ഭാരതപ്പുഴയ്ക്ക് അപ്പുറം ജനിക്കണം. ഈ സ്ഥിതിക്ക് ഇപ്പൊഴും വലിയ മാറ്റമില്ല. മുഖ്യധാരാ സാഹിത്യ മേഖലയുടെ അംഗീകാരം നേടാനുള്ള അനുകൂല ഘടകങ്ങൾ തിരുവനന്തപുരത്തിന് കുറവാണ്. ജി.എൻ പണിക്കരുടെ കാര്യത്തിലും സ്ഥിതി മറിച്ചല്ല. ഏറെ അംഗീകാരങ്ങൾ നേടേണ്ടയാളാണ് ജി എൻ പണിക്കർ. പ്രഥമ വരദേവി പുരസ്കാരം അർഹിക്കുന്ന കൈകളിലാണ് എത്തുന്നത്. ഹൃദയത്തിൽ അലിവുള്ള മനുഷ്യനും എഴുത്തുകാരനുമാണ് ജിഎൻ പണിക്കർ. നിർഭയത്വം മുഖമുദ്രയായ പണിക്കർ ആഘോഷിക്കപ്പെട്ട സാഹിത്യകൃതികളെ പോലും വിമർശിക്കാൻ മടിച്ചില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രഥമ വരദേവി പുരസ്കാരത്തിന് തന്നെ തെരഞ്ഞെടുത്തതിൽ ഏറെ അഭിമാനവും സന്തോഷവുമുണ്ടെന്ന് ഏറ്റുവാങ്ങി ജി.എൻ പണിക്കർ പറഞ്ഞു. സാഹിത്യ മേഖലയിൽ വേണ്ടത്ര അംഗീകരിക്കപ്പെടാത്തതിൽ പരാതിയോ പരിഭവമോ ഇല്ല. അഭിപ്രായങ്ങളെ വിമർശിക്കുക മാത്രമാണ് താൻ ചെയ്യുന്നതെന്നും ആരെയും ശത്രുക്കളായി കാണുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ചടങ്ങിൽ പ്രൊഫ. നന്ത്യത്ത് ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഫൗണ്ടേഷൻ ചെയർമാൻ പി. ബാലചന്ദ്രൻ നായർ, ഫൗണ്ടേഷൻ കാര്യദർശി കെ. രാജഗോപാൽ എന്നിവർ സംസാരിച്ചു.കഥാകൃത്ത്, നോവലിസ്റ്റ്, വിമർശകൻ, അധ്യാപകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ ജി.എൻ പണിക്കരുടെ നീരുറവകളുടെ ഗീതം എന്ന കഥാസമാഹാരം 1982 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. നമ്മുടെയും അവരുടെയും, നീരുറവകൾക്ക് ഒരു ഗീതം, വെറുതെ ഒരു മോഹം, ഇനി യാത്ര പറഞ്ഞിടട്ടെ, ഒരു ദിവസം ഒരു യുഗം തുടങ്ങിയവ പ്രധാന കൃതികളാണ്. കരൂർ അവാർഡ്, തിരുവനന്തപുരം തമിഴ് സംഘത്തിൻറെ ഉള്ളൂർ സ്മാരക പുരസ്കാരം, സമഗ്ര സംഭാവനയ്ക്കുള്ള പി. കേശവദേവ് സാഹിത്യ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ചിറ്റൂർ, തലശ്ശേരി, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ സർക്കാർ കോളേജുകളിൽ ഇരുപതു വർഷം അധ്യാപകനായിരുന്നു.നോവലിസ്റ്റ്, കഥാകൃത്ത്, നാടകകൃത്ത്, വിവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനും അമേരിക്കയിലെ നിരവധി കോളേജുകളിൽ ധനതത്വശാസ്ത്ര പ്രൊഫസറുമായിരുന്ന ഡോ. പി.സി നായരുടെ പേരിലുള്ള ഫൗണ്ടേഷനാണ് വരദേവി പുരസ്കാരം നൽകുന്നത്.

# അനുമതിയില്ലാത്ത പന്നി ഫാമുകൾ അടച്ചുപൂട്ടണം : ബാലാവകാശ കമ്മിഷൻ ഉത്തരവ്

പൂവച്ചൽ കരിയംകോട് പ്രദേശത്ത് അനുമതിയില്ലാതെ പ്രവർത്തിക്കുന്ന പന്നി ഫാമുകൾ അടച്ചുപൂട്ടാൻ ബാലാവകാശ കമ്മിഷൻ ഉത്തരവായി. ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ, അംഗം ഡോ. എഫ് വിൽസൺ എന്നിവരുടെ ഡിവിഷൻ ബഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

ഫാമുകളുടെ പ്രവർത്തനം കുട്ടികൾക്ക് ആരോഗ്യകരമായ അന്തരീക്ഷത്തിൽ ജീവിക്കുവാനുള്ള മൗലികാവകാശത്തിന്റെ ലംഘനമാണ്. പൂവച്ചൽ, കാട്ടാക്കട, വിളപ്പിൽശാല ഗ്രാമപഞ്ചായത്തുകളിൽ ലൈസൻസില്ലാത്ത ഫാമുകൾ പ്രവർത്തിക്കുന്നില്ലായെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡന്റും ഉറപ്പുവരുത്തേണ്ടതാണ്.

അനധികൃത പന്നി ഫാമുകൾക്കായി കൊണ്ടുവരുന്ന വേസ്റ്റുകൾ കർശനമായി നിയന്ത്രിക്കാൻ പോലീസ് നടപടി സ്വീകരിക്കണം. കമ്മിഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിന് ആവശ്യമെങ്കിൽ പഞ്ചായത്ത് സെക്രട്ടറിമാർക്ക് കാട്ടാക്കട പോലീസ് സൂപ്രണ്ട് സംരക്ഷണം ഉറപ്പുവരുത്തണം. ഫാമുകളുടെ സമീപത്തുള്ള കുട്ടികൾക്ക് വിവിധ രോഗങ്ങൾ ബാധിക്കുവാനുള്ള സാഹചര്യമുണ്ടെന്ന് ജില്ലാ മെഡിക്കൽ ടീം കണ്ടെത്തിയിട്ടുള്ളത് കമ്മിഷൻ ഗൗരവമായാണ് കാണുന്നത്. കമ്മിഷന്റെ ഉത്തരവിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 30 ദിവസത്തിനകം സമർപ്പിക്കാനും കമ്മിഷൻ നിർദ്ദേശിച്ചു.പൂവച്ചലിൽ അനധികൃതവും അശാസ്ത്രീയവുമായി 15 ഓളം പന്നി ഫാമുകൾ പ്രവർത്തിക്കുന്നു. മറ്റ് സ്ഥലങ്ങളിൽ നിന്നും ഭക്ഷണാവശിഷ്ടം, കോഴി മാലിന്യം, തുടങ്ങിയവ കൊണ്ടുവരുന്നു.

ഫാമിൽ നിന്നും അമിതമായ ദുർഗന്ധം, ഈച്ച, കൊതുക്, നായ്ക്കൾ തുടങ്ങിയവയുടെ ശല്യം. പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നതു കാരണം ശരീരത്തിൽ ചൊറിച്ചിൽ, കുഞ്ഞുങ്ങൾക്ക് ശ്വാസംമുട്ടൽ, ദുർഗന്ധം മൂലം കുട്ടികൾക്ക് പഠിക്കാനും ഭക്ഷണം കഴിക്കാനും കഴിയാത്ത അവസ്ഥയും സംബന്ധിച്ച് കട്ടയ്ക്കോട് ജനകീയ സമരസമിതി പ്രസിഡന്റ് ഡേവിഡ്സൺ നൽകിയ പരാതിയിന്മേലാണ് കമ്മിഷന്റെ ഉത്തരവ്.

# കരാർ നിയമനം

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ന്യൂ ഇൻഫ്ര ഇൻഷ്യേറ്റീവ് പ്രോജക്ടിൽ അസിസ്റ്റന്റ് പ്രോജക്ട് എൻജിനീയർ തസ്തികയിലെ 6 ഒഴിവുകളിലേക്ക് കരാർ നിയമനത്തിനായി അപേക്ഷക്ഷണിച്ചു.

വിശദവിവരങ്ങൾക്ക് www.kldc.org സന്ദർശിക്കണം. അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 16.

# ഡെപ്യൂട്ടേഷൻ നിയമനം

കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ ഓഫീസിൽ ഒഴിവുള്ള യു.ഡി ക്ലർക്ക് തസ്തികയിൽ (ശമ്പള സ്കെയിൽ : 35600–75400) അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നു. സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് നിശ്ചിത മാതൃകയിൽ അപേക്ഷകൾ സമർപ്പിക്കാം.

അപേക്ഷ ബന്ധപ്പെട്ട വകുപ്പ് തലവൻ നൽകുന്ന എൻ.ഒ.സി, കെ.എസ്.ആർ പാർട്ട് ഒന്നിലെ 144–ാം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഫാറം, ബയോഡാറ്റ സഹിതം രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം 35 എന്ന വിലാസത്തിൽ ഏപ്രിൽ 30 ന് വൈകിട്ട് 5 ന് മുമ്പായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.medicalcouncil.kerala.gov.in.

# ഹരിതപഞ്ചായത്തായി ഇടമുളയ്ക്കൽ; അഭിമാനത്തോടെ ഹരിതകർമസേന

തിരുവനന്തപുരം: കുടുംബശ്രീ ഹരിതകർമ സേനയും പഞ്ചായത്തും ഒരേ മനസോടെ നടത്തിയ ശുചിത്വ യജ്ഞത്തിലൂടെ മുഖച്ഛായ മാറിയ പഞ്ചായത്താണ് കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ. നിതാന്ത പരിശ്രമങ്ങൾക്കൊടുവിൽ മാലിന്യമുക്ത പഞ്ചായത്തെന്ന അംഗീകാരം തേടിയെത്തുമ്പോൾ അതിൽ അഭിമാനിക്കുകയാണ് ഈ പെൺകൂട്ടായ്മയും ഇടമുളയ്ക്കൽ പഞ്ചായത്തും.

കൃത്യമായ മാലിന്യ ശേഖരണം, ഫലപ്രദമായ ഉറവിടെ മാലിന്യ സംസ്ക്കരണം, ജൈവ അജൈവ മാലിന്യം തരംതിരിക്കൽ എന്നിവയിലെല്ലാം മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഹരിതകർമസേന കാഴ്ച വയ്ക്കുന്നത്. ഇടമുളയ്ക്കലിനെ മാലിന്യമുക്തമാക്കുന്ന പ്രവർത്തനങ്ങളിൽ നെടുംതൂണായി നിൽക്കുന്നതും ഹരിതകർമസേന തന്നെ. പഞ്ചായത്തിലെ 22 വാർഡുകളിലായി 44 ഹരിതകർമ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു. 2024 ഏപ്രിൽ 2025 മാർച്ച് വരെയുള്ള കാലയളവിൽ പഞ്ചായത്തിലെ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും 150 ടൺ പ്ളാസ്റ്റിക്കാണ് ഹരിതകർമ സേന ശേഖരിച്ചത്.

അജൈവ മാലിന്യം താൽക്കാലികമായി സൂക്ഷിക്കുന്നതിന് പഞ്ചായത്ത്തലത്തിൽ രണ്ട് എം.സി.എഫ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ വാർഡ്തലത്തിൽ 44 എം.സി.എഫുകൾ, വിവിധസ്ഥലങ്ങളിലായി 16 ബോട്ടിൽ ബുത്തുകൾ, കമ്യൂണിറ്റിതലത്തിൽ രണ്ട് ജൈവ മാലിന്യ സംസംക്കരണ ഉപാധികൾ എന്നിവയും പഞ്ചായത്ത് മുഖേന സജ്ജമാക്കിയിട്ടുണ്ട്. മാലിന്യമുക്ത പ്രചരണത്തിനായി കുട്ടികളെ സംഘടിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനവും സജീവമാണ്. ക്ളസ്റ്റേഴ്സ് അറ്റ് സ്കൂൾ എന്ന പേരിൽ സ്കൂളുകളിൽ മാലിന്യ ശേഖരണത്തിനായി 8 ബിന്നുകൾ നൽകി.

വാതിൽപ്പടി ശേഖരണം കാര്യക്ഷമമാക്കാൻ കഴിഞ്ഞതാണ് ശുചിത്വ വഴികളിൽ മുന്നറാൻ പഞ്ചായത്തിന് തുണയായത്. കൂടാതെ യൂസർ ഫീ കളക്ഷൻ 93 ശതമാനത്തിൽ എത്തിക്കാനും കഴിഞ്ഞു. ഹരിത മിത്രം ആപ് ഉപയോഗിച്ച് വീടുകളിലെയും സ്ഥാപനങ്ങളിലെയും മാലിന്യശേഖരണം ഉറപ്പാക്കുന്നു. മാലിന്യശേഖരണവും സംസ്ക്കരണവും ഊർജിതമാക്കിയതു വഴി ഹരിതകർമസേനയിലെ ഓരോ അംഗത്തിനും പ്രതിമാസം 10,000 രൂപയ്ക്ക് മുകളിൽ വരുമാനം നേടാനും കഴിയുന്നു. ഹരിത വിനോദ സഞ്ചാര കേന്ദ്രം, ഹരിത മാർക്കറ്റ്, 25 ഹരിത വിദ്യാലയങ്ങൾ, 20 ഹരിത സ്ഥാപനങ്ങൾ 460 ഹരിത അയൽക്കൂട്ടങ്ങൾ എന്നിവയിലൂടെ പഞ്ചായത്തിൽ ഹരിതഭംഗയിയും ശുചിത്വും ഉറപ്പാക്കുന്നതിലും ഹരിതസേനയുടെ കരങ്ങൾ തന്നെ.

പബ്ളിക് റിലേഷൻസ് ഓഫീസർ

കുടുംബശ്രീ



*ഇടമുളയ്ക്കൽ പഞ്ചായത്തിലെ ഹരിതകർമസേനാംഗങ്ങൾ മാലിന്യം നീക്കം ചെയ്യുന്നു*

# ഗുണമേൻമയുള്ള പച്ചക്കറികളും പഴവർഗങ്ങളും സംസ്ഥാനമൊട്ടാകെ ഊർജിതമായി കുടുംബശ്രീയുടെ വിഷുച്ചന്തകൾക്കൊപ്പം ജില്ലാതല ഭക്ഷ്യമേളയും

തിരുവനന്തപുരം: ഗുണമേൻമയുള്ള പച്ചക്കറികളും പഴവർഗങ്ങളും മറ്റ് ഭക്ഷ്യോൽപന്നങ്ങളുമായി സംസ്ഥാനമൊട്ടാകെ കുടുംബശ്രീയുടെ വിഷുച്ചന്തകൾ ഊർജിതമായി. 1070 കുടുംബശ്രീ സി.ഡി.എസുകളിലും ജില്ലാതലത്തിലുമായി സംഘടിപ്പിക്കുന്ന വിഷു ചന്തകൾ ഇതിനകം ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിട്ടുണ്ട്. ഇതോടൊപ്പം ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന കുടുംബശ്രീ ഭക്ഷ്യമേളയിലും തിരക്കേറി.

കുടുംബശ്രീയുടെ കീഴിലുള്ള 92442 വനിതാ കർഷക സംഘങ്ങൾ ഉൽപാദിപ്പിച്ച പച്ചക്കറികളും പഴവർഗങ്ങളുമാണ് വിഷുച്ചന്തയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം സൂക്ഷ്മസംരംഭകർ തയ്യാറാക്കുന്ന ഉൽപന്നങ്ങളും മൂല്യവർധിത ഉൽപന്നങ്ങളുമുണ്ട്. കണിയൊരുക്കുന്നതിനുള്ള വെള്ളരി മുതൽ പാവയ്ക്ക, ചീര, വഴുതന, വെണ്ട, പച്ചമുളക്, മത്തങ്ങ, പയർ, കാന്താരി, മുരിങ്ങക്കായ് തുടങ്ങിയ പച്ചക്കറികളും വിവിധ തരം ഉപ്പേരികൾ. ധാന്യപ്പൊടികൾ, കറിപ്പൊടികൾ, ചമ്മന്തിപ്പൊടികൾ എന്നിവയും കുടുംബശ്രീ വിഷു വിപണിയിലുണ്ട്.കുടുംബശ്രീ കർഷകർ മുഖേന ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള ചുമതല അതത് സി.ഡി.എസുകൾക്കാണ്. വിപണന മേളയുടെ സുരക്ഷിതത്വം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നിവയും ഇവരുടെ നേതൃത്വത്തിലായിരിക്കും. മുൻ വർഷങ്ങളിൽ സംഘടിപ്പിച്ച വിഷു ചന്തകൾ വഴി കർഷകർക്കും സംരംഭകർക്കും മികച്ച വരുമാന ലഭ്യത ഉറപ്പുവരുത്താൻ കഴിഞ്ഞിരുന്നു. വിഷുച്ചന്തകളും ജില്ലാതല ഭക്ഷ്യമേളകളും 14ന് അവസാനിക്കും.

പബ്ളിക് റിലേഷൻസ് ഓഫീസർ കുടുംബശ്രീ



*കോട്ടയത്ത് ജില്ലാ പഞ്ചായത്ത് അങ്കണത്തിൽ ആരംഭിച്ച കുടുംബശ്രീ വിഷുച്ചന്ത ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഹേമലത പ്രേംസാഗർ ഉദ്ഘാടനം ചെയ്യുന്നു*

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സംസ്ഥാനത്തേത് വാഗ്ദാനങ്ങൾ നിറവേറ്റുന്ന ഭരണ സംസ്കാരം: മുഖ്യമന്ത്രി

## * ത്രിതല പഞ്ചായത്തുകളിലും ഇനി കെ–സ്മാർട്ട് സേവനം

വാഗ്ദാനങ്ങൾ നിറവേറ്റുന്ന പുതിയ ഭരണ സംസ്കാരമാണ് സംസ്ഥാനത്തേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിന്റെ ഭാഗമായാണ് എല്ലാവർഷവും പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കുന്നത്. സേവനങ്ങൾ സുതാര്യമായി അതിവേഗം ജനങ്ങളിലെത്തിക്കണമെന്ന സർക്കാർ കാഴ്ചപ്പാട് ഭരണത്തിന്റെ സ്വാദ് എല്ലാവരിലേക്കും എത്തിക്കുന്നതിനും സർക്കാരും ജനങ്ങളും തമ്മിലുള്ള ഇഴയടുപ്പം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു. പൗരകേന്ദ്രീകൃത ഓൺലൈൻ സേവനം ലഭ്യമാക്കാനായി തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കിയ കെ-സ്മാർട്ട് ത്രിതല പഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാറി വരുന്ന കാലത്തിനനുസൃതമായ സാങ്കേതികവിദ്യയിലൂടെ സിവിൽ സർവീസിനെ നവീകരിക്കുകയാണ് സർക്കാർ ലക്ഷ്യം. അതിനുള്ള മികച്ച ഇടപെടലാണ് കെ-സ്മാർട്ട്. ശാസ്ത്രവും സാങ്കേതികവിദ്യകളും മനുഷ്യനന്മക്കും സാമൂഹ്യ പരിവർത്തനത്തിനും ഉതകുന്നതാകണം. അതിനു സഹായകമാകും വിധം സാർവത്രിക ലഭ്യത ഉറപ്പുവരുത്തുക പ്രധാനമാണ്. ഒരു വിജ്ഞാന സമ്പദ്വ്യവസ്ഥയും അതിന് അനുസൃതമായ നൂതന സമൂഹമായി കേരളത്തെ പരിവർത്തനം ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്.

നമ്മുടെ രാജ്യത്ത് ഇന്റർനെറ്റ് പൗരാവകാശമായി പ്രഖ്യാപിച്ച ഏക സംസ്ഥാനം കേരളമാണ്. കെ-ഫോണിലൂടെ 2023 പൊതുയിടങ്ങളിൽ സൗജന്യ വൈഫൈ ഹോട്ട്സ്പോട്ടുകളാക്കി. രണ്ടായിരം ഹോട്ട്സ്പോട്ടുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. കണക്ടിവിറ്റി ലഭ്യമാക്കുന്നതോടൊപ്പം നൂനത സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ പൊതുജനങ്ങളെ പ്രാപ്തരാക്കേണ്ടതുണ്ട്. അതിനുതകുന്ന തരത്തിൽ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരികയാണ്. പദ്ധതിയുടെ പൂർത്തീകരണത്തോടെ ബൃഹദ് സേവന ശൃംഖല രൂപപ്പെടും.

നിമിഷങ്ങൾക്കുള്ളിൽ വ്യവസായം തുടങ്ങാനാകുന്ന നാടായി കേരളം മാറി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ ദേശീയ തലത്തിൽ ശ്രദ്ധനേടാൻ കഴിഞ്ഞതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്കുവഹിച്ചു. ലൈഫ് മിഷൻ, മാലിന്യ നിർമാർജനം, അതിദാരിദ്ര്യനിർമാർജനം തുടങ്ങിയ പദ്ധതികളിലെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മികച്ച പ്രവർത്തനങ്ങൾ നടത്തി. കെ-സ്മാർട്ടിലൂടെ 900ൽ അധികം സർക്കാർ സേവനങ്ങളാണ് ലഭ്യമാകുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 33 ലക്ഷത്തിലധികം ഫയലുകൾ പ്രോസസ് ചെയ്യാനും 25 ലക്ഷത്തിലധികം ഫയലുകൾ തീർപ്പാക്കാനുമായി. വകുപ്പിലെ ഉദ്യോഗസ്ഥർ അധിക ജോലി ചെയ്തും അവധി ദിനങ്ങളിൽ പ്രവർത്തിച്ചുമാണ് 5 ലക്ഷത്തോളം ഫയലുകൾ കൈകാര്യം ചെയ്തത്. ആറു മണിക്കൂറിനുള്ളിൽ 4 ലക്ഷം ഫയലുകൾ പ്രോസസ് ചെയ്യാനായി. ഒരു ദിവസത്തിൽ 10 ലക്ഷത്തോളം ഫയലുകൾ തീർപ്പാക്കാനായിട്ടുണ്ട്. ഇത്തരത്തിൽ കാര്യക്ഷമവും ആത്മാർത്ഥവുമായ ഇടപെടലാണ് നടത്തിവരുന്നത്. സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാനും അപേക്ഷകളുടെ നിജസ്ഥിതി അറിയാനും ലോകത്തെവിടെയിരുന്നും സേവനം പ്രയോജനപ്പെടുത്താനുമാകും. രണ്ടാംഘട്ടമായി 941 ഗ്രാമ പഞ്ചായത്തുകളിലേക്കും 152 ബ്ലോക്ക് പഞ്ചായത്തുകളിലേക്കും 14 ജില്ലാ പഞ്ചായത്തുകളിലേക്കുമാണ് കെ-സ്മാർട്ട് സേവനം വ്യാപിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.



കെ-സ്മാർട്ട് ത്രിതല പഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

ജനജീവിതങ്ങളിൽ വിപ്ലവകരമായ മാറ്റമാണ് കെ-സ്മാർട്ട് സൃഷ്ടിക്കുന്നതെന്ന് പരിപാടിയിൽ അദ്ധ്യക്ഷനായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ നേരിട്ട് ഓഫീസുകളിൽ പോകാതെ വീടുകളിൽ തന്നെ വിരൽത്തുമ്പിൽ ലഭ്യമാക്കുകയാണ്. നിലവിൽ ബിൽഡിംഗ് പെർമിറ്റിനായി ചട്ടപ്രകാരം അപേക്ഷ സമർപ്പിച്ചാൽ ശരാശരി 9 സെക്കന്റിനുള്ളിൽ ലഭിക്കും. ഇതിനോടകം കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി ഇരുപത്തിമൂവായിരത്തിലധികം ബിൽഡിംഗ് പെർമിറ്റുകൾ നൽകാനായി. അറുപത്തി മൂവായിരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിൽ ഇരുപത്തിയൊന്നായിരം വിവാഹങ്ങൾ വീഡിയോ കെവൈസി രജിസ്ട്രേഷനിലൂടെയാണ് രജിസ്റ്റർ ചെയ്തത്. സേവനങ്ങൾ ലഭ്യമാക്കിയതിലൂടെ കോർപ്പറേഷനുകളുടെ നികുതിവരുമാനം 37 ൽ നിന്നും 56 ശതമാനമായും മുനിസിപ്പാലിറ്റികളുടേത് 56 ൽ നിന്നും 63 ശതമാനമായും വർദ്ധിച്ചു. ഡാറ്റാ പ്യൂരിഫിക്കേഷനിലൂടെ കേരളത്തിലെ നഗരസഭകളിൽ 394 കോടിരൂപയുടെ അധികവരുമാനം നേടാനായതായും മന്ത്രി പറഞ്ഞു.

കെട്ടിട നിർമാണ പെർമിറ്റ് നൽകലിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയും കെ-സ്മാർട്ട് സ്കൂൾ ഓഫ് ടെക്നോളജിയുടേയും കെ-സ്മാർട്ട് വീഡിയോ കെവൈസി വഴി വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതിന്റേയും ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിലും നിർവഹിച്ചു. ഐകെഎം ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി മേയർ ആര്യാ രാജേന്ദ്രൻ പ്രഖ്യാപിച്ചു.ഇൻഫർമേഷൻ കേരള ചീഫ് മിഷൻ ഡയറക്ടറും എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ സന്തോഷ് ബാബു റിപ്പോർട്ട് അവതരിപ്പിച്ചു. റവന്യൂ മന്ത്രി കെ രാജൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ, പ്ലാനിംഗ് ബോർഡ് അംഗം പ്രൊഫ. ജിജു പി അലക്സ്, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

# ഭക്ഷ്യ സുരക്ഷ: പരിശോധനയിലും പിഴത്തുകയിലും ലൈസൻസിലും സർവകാല റെക്കോർഡ്

സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷം 69,002 പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എല്ലാ ജില്ലകളിൽ നിന്നായി 5.4 കോടി രൂപ വിവിധ കാരണങ്ങളാൽ പിഴയിനത്തിൽ ഈടാക്കി. 20,394 പുതിയ ലൈസൻസും 2,12,436 പുതിയ രജിസ്ട്രേഷനും നൽകി. ലൈസൻസിലും രജിസ്ട്രേഷനിലും 20 ശതമാനത്തോളം വർധനവുണ്ടാക്കാനായി. ഇവയെല്ലാം സർവകാല റെക്കോർഡാണ്. കർശന പരിശോധനയുടേയും നടപടികളുടേയും ഫലമാണിത്. ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾക്ക് പുറമേ സമഗ്രമായ പരിശോധനകൾ നടത്തുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിലും പരിശോധനകൾ നടന്നു.49,503 സാമ്പിളുകൾ വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ ശേഖരിച്ചു. കഴിഞ്ഞ വർഷം 972 അഡ്ജ്യൂഡിക്കേഷൻ കേസുകളാണ് ഫയൽ ചെയ്തത്. 896 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തു. 7689 റെക്ടിഫിക്കേഷൻ നോട്ടീസുകളും 1080 ഇമ്പ്രൂവ്മെന്റ് നോട്ടീസുകളും നൽകി. ഭക്ഷ്യ സംരംഭകർക്ക് ഭക്ഷ്യ സുരക്ഷാ സംബന്ധമായ വിഷയങ്ങളിൽ അടിസ്ഥാന വിവരങ്ങൾ നൽകുന്നതിന് സംസ്ഥാന വ്യാപകമായി 1124 ട്രെയിനിംഗ് സംഘടിപ്പിക്കുകയും അതുവഴി 42600 വ്യക്തികൾക്ക് പരിശീലനം നൽകുകയും ചെയ്തു.ഭക്ഷ്യ സുരക്ഷയിൽ മികച്ച പ്രവർത്തനം നടത്തിയതിന് ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണ്. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകളുള്ള ആദ്യ സംസ്ഥാനമായി കേരളം. രാജ്യത്ത് ആദ്യമായി എല്ലാ ഭക്ഷ്യ സുരക്ഷാ ലാബുകൾക്കും എൻഎബിഎൽ അക്രഡിറ്റേഷൻ ലഭ്യമാക്കി. നല്ല ഭക്ഷണം നാടിന്റെ അവകാശം ക്യാമ്പയിനും വിവിധ സ്പെഷ്യൽ ഡ്രൈവുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്ബ്, ഹൈജീൻ റേറ്റിംഗ്, ഈറ്റ് റൈറ്റ് ക്യാമ്പസ്, ഈറ്റ് റൈറ്റ് സ്റ്റേഷൻ, ക്ലീൻ ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ മാർക്കറ്റ്, ഉപയോഗിച്ച എണ്ണ തിരിച്ചെടുക്കുന്ന റൂക്കോ പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ (ഇന്റലിജൻസ്) നേതൃത്വത്തിൽ ചെക്ക് പോസ്റ്റുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ചിക്കൻ സ്റ്റാളുകൾ, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകളും തുടർ നടപടികളും സ്വീകരിച്ചു.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ എഫ്എസ്എസ്എഐ മാനദണ്ഡ പ്രകാരം മോഡേണൈസേഷൻ ഓഫ് സ്ട്രീറ്റ് ഫുഡ് എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരത്ത് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ മൈക്രോ ബയോളജി ലാബ് സജ്ജമാക്കി. പത്തനംതിട്ടയിൽ പുതിയ ലാബിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

# ബാച്ചിലർ ഓഫ് ഡിസൈൻ കോഴ്സ് പ്രവേശനം: അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തിലെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 2025-26 അദ്ധ്യായന വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കേരള ഹയർ സെക്കൻഡറി ബോർഡിന്റെ പ്ലസ് ടു യോഗ്യതാപരീക്ഷയോ തത്തുല്യം എന്ന് അംഗീകരിക്കപ്പെട്ട മറ്റു ഏതെങ്കിലും യോഗ്യതാപരീക്ഷയോ 45 ശതമാനം മാർക്കോടെ പാസ്സായിരിക്കണം. സംവരണ വിഭാഗക്കാർ ആകെ 40 ശതമാനം മാർക്ക് നേടിയിരിക്കണം. എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ ആ.ഉലെ കോഴ്സിന് ചേരാൻ അർഹതയുണ്ടാവുകയുള്ളു. തിരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽ വെച്ച് പ്രവേശന പരീക്ഷ നടത്തും. പരീക്ഷ തീയതി പിന്നീട് അറിയിക്കും. www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി ഏപ്രിൽ 10 മുതൽ മെയ് 20 വരെ അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് 22 ആണ്. പൊതുവിഭാഗത്തിന് 1,300 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 650 രൂപയുമാണ് അപേക്ഷാ ഫീസ്. വ്യക്തിഗത വിവരങ്ങൾ വെബ്സൈറ്റിൽ ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാ ഫീസ് ഒടുക്കാം. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396,

# സാധാരണക്കാരെ പരമാവധി സഹായിക്കുന്ന നിലപാടാണ് സപ്ലൈകോ എന്നും സ്വീകരിച്ചിട്ടുള്ളത് : മന്ത്രി ജി ആർ അനിൽ

## സംസ്ഥാനത്തെ തിരഞ്ഞെടുത്ത സപ്ലൈകോ ഔട്ട്ലറ്റുകളിൽ ഏപ്രിൽ 19 വരെ വിഷു, ഈസ്റ്റർ ഉത്സവകാല ഫെയറുകൾ നടത്തും

സാധാരണക്കാരായ ജനങ്ങളെ പരമാവധി സഹായിക്കുന്ന നിലപാടാണ് സപ്ലൈകോ എക്കാലവും സ്വീകരിച്ചിട്ടുള്ളതെന്ന് ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി ജി ആർ അനിൽ. ഉത്സവ സീസണുകളിൽ വിപണി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിഷു, ഈസ്റ്റർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പഴവങ്ങാടി പീപ്പിൾസ് ബസാറിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ തിരഞ്ഞെടുത്ത സപ്ലൈകോ ഔട്ട്ലറ്റുകളിൽ ഏപ്രിൽ 19 വരെയാണ് ഉത്സവകാല ഫെയറുകൾ സംഘടിപ്പിക്കുന്നത്.

വിഷു-ഈസ്റ്റർ കാലയളവിലും ജനങ്ങൾക്ക് കൂടുതൽ ആശ്വാസമേകുന്ന നിലപാടാണ് സപ്ലൈകോ സ്വീകരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. അതിന്റെ ഭാഗമായി തുവര പരിപ്പിന്റെ വില 115 രൂപയിൽ നിന്ന് 105 രൂപയായും ഉഴുന്നിന്റെ വില 95 രൂപയിൽ നിന്നും 90 രൂപയായും വൻകടലയുടെ വില 69 രൂപയിൽ നിന്നും 65 രൂപയായും വൻപയറിന്റെ വില 79 രൂപയിൽ നിന്നും 75 രൂപയായും മുളക് 500 ഗ്രാമിന് 68.25 രൂപയിൽ നിന്നും 57.75 രൂപയായും കുറച്ചിട്ടുണ്ട്. ഏപ്രിൽ 11 മുതൽ തന്നെ വിലക്കുറവിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് സപ്ലൈകോ ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു.ഭക്ഷ്യധാന്യങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റത്തിന്റെ സ്വാധീനം വലിയ തോതിൽ അനുഭവപ്പെടേണ്ടതാണ്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽ കാരണം വിലക്കയറ്റത്തിന്റെ രൂക്ഷത കുറഞ്ഞ തോതിലാണ് കേരളത്തിൽ അനുഭവപ്പെടുന്നത്. സപ്ലൈകോ, കൺസ്യൂമർഫെഡ് മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തുന്നതു കൊണ്ടാണ് വിലക്കയറ്റത്തിന്റെ രൂക്ഷത കേരളത്തിൽ അനുഭവപ്പെടാത്തത്.പ്രതിമാസം 35 ലക്ഷത്തിലധികം ജനങ്ങൾ സപ്ലൈകോ സ്ഥാപനങ്ങളുടെ ഉപഭോക്താക്കളാണ്.

സംസ്ഥാനത്ത് പഞ്ചായത്തിൽ ഒന്ന് എന്ന രീതിയിൽ ആരംഭിച്ച സപ്ലൈകോ മാവേലി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ഇന്ന് ഒരു പഞ്ചായത്തിൽ രണ്ടും മൂന്നും ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോ സ്ഥാപിതമായിട്ട് 50 വർഷങ്ങൾ പൂർത്തിയാകുന്നു. സുവർണ്ണജൂബിലിയോടനുബന്ധിച്ച് സപ്ലൈകോ നവീകരിക്കുന്നതിനുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി മേയർ പി കെ രാജു, സപ്ലൈകോ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.


ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി ജി ആർ അനിൽ സപ്ലൈകോയുടെ വിഷു, ഈസ്റ്റർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുന്നു

# ജാർഖണ്ഡ് സ്വദേശികൾ ഉപേക്ഷിച്ച 'നിധി'യെ ഏറ്റെടുത്ത് സിഡബ്ല്യുസി

കൊച്ചി: ജാർഖണ്ഡ് സ്വദേശികളായ ദമ്പതികൾ ഉപേക്ഷിച്ച കുഞ്ഞിനെ സിഡബ്ല്യുസി ഏറ്റെടുത്തു. കഴിഞ്ഞ രണ്ടുമാസമായിട്ടും കുഞ്ഞിനെ മാതാപിതാക്കൾ ഏറ്റെടുക്കാത്തതിനെത്തുടർന്നാണ് സിഡബ്ല്യുസിയുടെ നടപടി. ജുവനയിൽ ജസ്റ്റീസ് ആക്ട് പ്രകാരമാണ് ഡബ്ല്യുസി കുഞ്ഞിനെ ഏറ്റെടുത്തത്. എറണാകുളത്തെ സിഡബ്ല്യുസി കേന്ദ്രത്തിലാകും കുഞ്ഞിനെ പാർപ്പിക്കുക. എല്ലാ മാസവും ആരോഗ്യസ്ഥിതി പരിശോധിക്കും. കുട്ടിയുടെ മാതാപിതാക്കളെ ബന്ധപ്പെടാനുള്ള ശ്രമവും നടക്കുന്നുണ്ട്. ആരോഗ്യമന്ത്രി വീണാ ജോർജാണ് കുഞ്ഞിന് 'നിധി' എന്ന പേര് നിർദേശിച്ചത്. കോട്ടയത്തെ ഫിഷ് ഫാമിൽ ജോലി ചെയ്തിരുന്ന ജാർഖണ്ഡ് സ്വദേശികളായ ദന്പതികൾ നാട്ടിലേക്കു പോകുന്ന സമയത്താണ് ട്രെയിനിൽവച്ച് ഭാര്യക്ക് അസ്വസ്ഥതകളുണ്ടായത്. തുടർന്ന് തൊട്ടടുത്തുള്ള ആശുപത്രിയിലെത്തിക്കുകയും പെൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. ഒരു കിലോയിൽ താഴെ മാത്രമേ ഭാരമുള്ളൂ എന്നതിനാൽ വിദഗ്ധ ചികിത്സയ്ക്കായി കുഞ്ഞിനെ അവർ സ്വകാര്യ ആശുപത്രിയിലെ എൻഐസിയുവിലേക്കു മാറ്റി. പിന്നീട് അച്ഛനെയും അമ്മയെയും കാണാതാകുകയായിരുന്നു. വിവരം ശ്രദ്ധയിൽപ്പെട്ടതോടെ മന്ത്രി വീണാ ജോർജ് കുഞ്ഞിന്റെ സംരക്ഷണവും ചികിത്സയും ഏറ്റെടുക്കാൻ നിർദേശം നൽകി. തുടർന്ന് എറണാകുളം ജനറൽ ആശുപത്രിയിലെത്തിച്ചു വിദഗ്ധ പരിചരണം ഉറപ്പാക്കിയിരുന്നു. ഇപ്പോൾ കുഞ്ഞിന് 37 ആഴ്ച പ്രായവും രണ്ടര കിലോ തൂക്കവുമുണ്ട്. സാധാരണ കുട്ടികളെപ്പോലെ പാൽ കുടിക്കാൻ കഴിയുന്ന അവസ്ഥയിലാണ് കുഞ്ഞിനെ ശിശുക്ഷേമ സമിതിക്കു കൈമാറിയത്.

# ഐലൻഡ് എക്സ്പ്രസിൽ ടിടിഇയ്ക്ക്മർദനം; ഒരാൾ കസ്റ്റഡിയിൽ

തിരുവനന്തപുരം: ബംഗളൂരുവിൽ നിന്ന് കന്യാകുമാരിക്ക് പോകുന്ന ഐലൻഡ് എക്പ്രസിൽ ടിടിഇയ്ക്ക് മർദനമേറ്റു. ടിക്കറ്റ് ചോദിച്ചതിന് യാത്രക്കാർ ടിടിഇ ജയേഷിനെ മർദിക്കുകയായിരുന്നു. മർദനമേറ്റ ജയേഷിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഐലൻഡ് എക്സ്പ്രസിൽ നെയ്യാറ്റിൻകരയ്ക്കും പാറശാലയ്ക്കുമിടയിലാണ് സംഭവം. ജനറൽ ടിക്കറ്റുമായി സ്ലീപ്പർ ക്ലാസിൽ യാത്ര ചെയ്തവരാണ് ടിടിഇയെ മർദിച്ചത്. സംഭവത്തിൽ ഒരാൾ കസ്റ്റഡിയിലായി